**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 47** **27-01-2026 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് സർക്കാർ സർവ്വീസിലെ പി.എസ്.സി. നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ സർവ്വീസിലെ നിയമനങ്ങൾ സമയബന്ധിതമായി നടത്തുന്നതിനായി എന്തെല്ലാം ഇടപെടലുകളാണ് നടത്തി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് സർക്കാർ സർവീസിലെ നിയമനങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് സർക്കാർ വകുപ്പുകളിലും / സ്ഥാപനങ്ങളിലും തൊട്ടടുത്ത കലണ്ടർ വർഷം ഉണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി പി. എസ്. സിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ വർഷവും വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശനനിർദേശം നൽകിവരുന്നുണ്ട്.<br><br>ഓരോ കലണ്ടർ വർഷവും വിരമിക്കൽ/ ഉദ്യോഗക്കയറ്റം/ തസ്തിക സൃഷ്ടിക്കൽ/അന്യത്ര സേവനം മുതലായവ മൂലമുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി നിയമന ശിപാർശ നൽകുന്ന ഉദ്യോഗാർത്ഥി സർവ്വീസിൽ പ്രവേശിക്കാത്തതു മൂലമുണ്ടാകുന്ന NJD ഒഴിവുകളും കണക്കാക്കി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് മുൻകൂറായി റിപ്പോർട്ട് ചെയ്യണമെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും വിവിധ സർക്കാർ ഉത്തരവുകളിലൂടെയും സർക്കുലറുകളിലൂടെയും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | 2011-16 വരെയുള്ള കാലഘട്ടത്തിലും 2016 മെയ് മാസം മുതൽ 2026 നാളിതുവരെയുള്ള കാലഘട്ടത്തിലും എത്ര പി.എസ്.സി. നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (ബി) | 2011 - 20,196<br><br>2012 - 28,409<br><br>2013 - 39,183<br><br>2014 - 27,178<br><br>2015 - 29,089<br><br>2016 - 26,247<br><br>2017 - 35,911 |

| | | | |
|---|---|---|---|
| | | | 2018 - 28,025<br><br>2019 - 35,422<br><br>2020 - 25,914<br><br>2021 - 26,724<br><br>2022 - 22,393<br><br>2023 - 34,110<br><br>2024 - 34,196<br><br>2025 - 37, 355<br><br>2026 (ജനുവരി 19 വരെ) - 650 |
| (സി) | നിലവിൽ സർക്കാർ സർവ്വീസിലെ എല്ലാ ഒഴിവുകളും നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ അവ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**09.11.25 , 23.11.25 എന്നീ തീയതികളിലെ റൂൾ-സ്B/72/2025//പി.&എ.ആർ.ഡി നമ്പർ സർക്കുലർ പ്രകാരം 2026 കലണ്ടർ വർഷത്തിലെ പ്രതീക്ഷിത ഒഴിവുകൾ മുൻകൂറായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്** |

സെക്ഷൻ ഓഫീസർ